KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | SHAMEEM NATIAMANGALAM |
| | 9447083300 | 9447303578 | 9495018535 |


No. KEEC/GL/2026/05

തിരുവനന്തപുരം
27.01.2026

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : കെഎസ്ഇബിയിൽ നടപ്പിലാക്കുന്ന ഹെൽത്ത് ഇൻഷുറൻസ് കരട് രൂപരേഖ - നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

കെഎസ്ഇബിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹെൽത്ത് ഇൻഷുറൻസ് കരട് രൂപരേഖ സംബന്ധിച്ച് സംഘടനക്ക് നൽകാനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് പദ്ധതി നിലനിർത്തണം
2. എല്ലാ പ്രമുഖ ആശുപത്രികളിലും എല്ലാ ചികിത്സയും ലഭ്യമാക്കണം.
3. കാസർഗോഡ്, വയനാട്, പാലക്കാട് പോലെയുള്ള അതിർത്തി ജില്ലകളിലുള്ളവർക്ക് അയൽ സംസ്ഥാനങ്ങളിലെ പ്രമുഖ ആശുപത്രികളിൽ കൂടി ചികിത്സ സൗകര്യം ലഭ്യമാക്കണം.
4. ജീവനക്കാരന്റെ ഭാര്യയുടെ/ഭർത്താവിന്റെ അച്ഛൻ/അമ്മ, അവിവാഹിതയായ ഭിന്നശേഷിക്കാരിയായ സഹോദരി എന്നിവർക്ക് കൂടി കവറേജ് നൽകണം.
5. ആശുപത്രിവാസത്തിന് മുമ്പുള്ള ചെലവുകൾ 90 ദിവസം വരെയും ആശുപത്രി വാസത്തിന് ശേഷമുള്ള ചെലവുകൾ 360 ദിവസം വരെയും കവറേജ് ലഭ്യമാക്കുക.
6. ഒരു കുടുംബത്തിന് 5000 രൂപ വരെ ആംബുലൻസ് ചാർജ് പരിരക്ഷ ഉറപ്പാക്കണം.
7. മുറി വാടക/ദിവസ പരിധി ഇൻഷ്വർ ചെയ്ത തുകയുടെ 2% ആയി എങ്കിലും ഉയർത്തുക
8. ICU വാടക/ദിവസം ഇൻഷ്വർ ചെയ്ത തുകയുടെ 3% ആയി എങ്കിലും ഉയർത്തുക
9. എല്ലാ ദന്ത ചികിത്സകൾക്കും പരിരക്ഷ ലഭിക്കുന്നത് ഉറപ്പാക്കണം
10. പുതിയ അംഗങ്ങളെ ചേർക്കുന്നതിന് 90 ദിവസത്തെ സമയപരിധി അനുവദിക്കുക

11. പോളിസി വർഷത്തിലെ എല്ലാ അനുബന്ധ ചെലവുകളും ഉൾപ്പെടെ, തിമിര ചികിത്സയ്ക്കും കവറേജ് ഉറപ്പാക്കണം.

12. ആയുഷ് ചികിത്സക്ക് പരിധി ഇല്ലാതെ കവറേജ് ലഭ്യമാക്കണം

13. ഇൻ പേഷ്യന്റ്, ഔട്ട് പേഷ്യന്റ് മനോരോഗ ചികിത്സ തേടുന്നവർക്കും പരിധി ഇല്ലാതെ കവറേജ് ലഭ്യമാക്കണം.

14. ആവശ്യമായ രേഖകൾക്കൊപ്പം റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ സമർപ്പിക്കുന്നതിന് 90 ദിവസത്തെയെങ്കിലും സമയപരിധി അനുവദിക്കുക

15. അവയവമാറ്റം പോലുള്ള പ്രത്യേക/ഗുരുതരമായ രോഗ കേസുകൾക്ക് ചിലവാകുന്ന മുഴുവൻ തുകയും എല്ലാവർക്കും കോർപ്പറേറ്റ് ബഫറിൽ നിന്ന് ലഭ്യമാക്കുക .

16. മരുന്നുകൾക്ക് മാത്രമുള്ള ഔട്ട് പേഷ്യന്റ് (OP) ചെലവുകൾക്കുള്ള കവറേജ്, ഒരു പോളിസി വർഷത്തിൽ ഒരു കുടുംബത്തിന് 50000 രൂപ യെങ്കിലും ലഭ്യമാക്കുക.

17. ആശ്രിതരായ മാതാപിതാക്കൾക്കും കൂടാതെ ഭാര്യ/ഭർത്താവിന്റെ മാതാപിതാക്കൾക്കും കവറേജ് ലഭ്യമാക്കണം.

18. അടിസ്ഥാന പോളിസിയിൽ പ്രതിരോധ ആരോഗ്യ പരിശോധനയ്ക്കുള്ള അധിക കവറേജ് ലഭ്യമാക്കുക.

19. ജീവനക്കാർക്കും ഭാര്യ/ഭർത്താവിനും കൂടാതെ എല്ലാ കുട്ടികൾക്കും കവറേജ് ലഭ്യമാക്കുക.

20. സാമ്പത്തിക വർഷത്തിൽ കുറഞ്ഞ കാലയളവിലേക്ക് മാത്രം പദ്ധതിയിൽ ചേരുമ്പോൾ ശേഷിക്കുന്ന കാലയളവിലേക്ക് 10 മാസത്തേയ്ക്ക് 90% തുക ഇളവ് നൽകുക, 10 മാസത്തിന് മുകളിലേക്ക് മാത്രം 100% ഈടാക്കുക.

21. പെൻഷൻകാരെപോലെ തന്നെ ജീവനക്കാർക്കും പദ്ധതിയിൽ ചേരാൻ ഓപ്ഷൻ സൗകര്യം അനുവദിക്കുക

22. ഡ്യൂട്ടിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് എത്രരൂപ ചിലവായാലും മുഴുവൻ തുകയും ക്യാഷ്ലെസ്സ് ആയി ലഭ്യമാക്കണം.

23. 50 ലക്ഷം രൂപവരെ കവറേജ് ലഭ്യമാകുന്ന തരത്തിൽ പ്രത്യേക ടോപ്പ് അപ്പ് സൗകര്യം ലഭ്യമാക്കുക.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | ഷമീം നാട്യമംഗലം<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES CONFEDERATION
Reg. No. 01-14/87
AFFI. No 10488
★ INTUC ★